**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1738** **05-07-2022 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടിയിലെ വയോമിത്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കുന്ന വയോമിത്രം പദ്ധതിക്ക് കേരള സാമൂഹ്യ സുരക്ഷ മിഷന്റെ വിഹിതം ലഭ്യമായിട്ടുണ്ടോ; | (എ) | വയോമിത്രം പദ്ധതിയ്ക്കു വേണ്ടി സംസ്ഥാനതലത്തിലാണ് ബഡ്ജറ്റിൽ തുക വകയിരുത്തി അനുവദിക്കുന്നത്. ബ്ലോക്ക് തലത്തിൽ പദ്ധതി നടപ്പാക്കുന്നതിന് പ്രത്യേകമായി ഫണ്ട് അനുവദിച്ചിട്ടില്ല. |
| (ബി) | 1.35 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതിക്കായി, പദ്ധതി തുകയുടെ പകുതിയും(67.5 ലക്ഷം രൂപ), മറ്റ് അനുബന്ധ ഭൗതിക സൗകര്യങ്ങളും ഒരുക്കുവാൻ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് അധികൃതർ തയ്യാറായ സാഹചര്യത്തിൽ, കേരള സാമൂഹ്യ സുരക്ഷ മിഷന്റെ വിഹിതം എത്രയും വേഗം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (ബി) | വയോമിത്രം പദ്ധതി നിലവിൽ 6 കോർപ്പറേഷനുകളിലും 85 മുനിസിപ്പാലിറ്റികളിലും 4 ബ്ലോക്ക് പഞ്ചായത്തുകളിലുമാണ് നടപ്പിലാക്കി വരുന്നത്. കൊണ്ടോട്ടി ഉൾപ്പെടെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും വയോമിത്രം പദ്ധതി നടപ്പിലാക്കുന്നത് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ